1986-87-ലെ ഐ. ആർ. ഡി. പി. ഗുണഭോക്താക്കൾ

1387. [2072] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87 സാമ്പത്തികവർഷത്തിൽ ഐ. ആർ. ഡി. പി. ഗുണഭോക്താക്കളായി എത്ര പുതിയ ആളുകളെ തെരഞ്ഞെടുക്കണമെന്നാണ് ബ്ലോക്കുകൾക്ക് നിർദ്ദേശം കൊടുത്തിട്ടുള്ളത് ;

(ബി) പഴയ ഗുണഭോക്താക്കളിൽ എത്ര പേർക്ക് ഇംപ്രൂവ്മെന്റ് ലോൺ കൊടുക്കാൻ നിർദ്ദേശിച്ചു ;

(സി) ഓരോ ബ്ലോക്കുകൾക്കും തുല്യസംഖ്യയാണോ നൽകുന്നത് ;

(ഡി) അതിയന്നൂർ പെരുങ്കടവിള ബ്ലോക്കുകളുടെ ടാർജെറ്റിന്റെ എത്ര ശതമാനം വീതം നാളിതുവരെ നേടി എന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1986-87-ൽ ഐ. ആർ. ഡി. പി. ഗുണഭോക്താക്കളായി 180 പുതിയ കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

(ബി) 540 കുടുംബങ്ങൾക്ക്.

(സി) ഓരോ ബ്ലോക്കിനും തുല്യസംഖ്യയാണ് നൽകുന്നത്.

(ഡി) 31-10-1986 വരെ അതിയന്നൂരിൽ 1986-87-ലെ ലക്ഷ്യത്തിന്റെ 77 ശതമാനവും പെരുംകടവിളയിൽ 74 ശതമാനവും നേടിയിട്ടുണ്ട്.

ഇരുപതിൻപരിപാടിയനുസരിച്ച് പുളിമാത്ത് പഞ്ചായത്തിൽ ചെലവഴിച്ച തുക

1388. [2074] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരുപതിനപരിപാടിയനുസരിച്ച് 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ മണ്ഡലത്തിൽ പുളിമാത്ത് പഞ്ചായത്തിൽ ഏതെല്ലാം പദ്ധതികൾക്കുവേണ്ടി എന്തു തുക ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ പ്രയോജനം ഇപ്പോൾ എത്ര പേർക്ക് കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly